# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം, ഇവിഎസ് - പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 2 | യൂണിറ്റ് : 5 | അണ്ണാൻകുഞ്ഞും ആനമൂപ്പനും | മൊഡ്യൂൾ 13 | ആഹാരരീതി |
|---|---|---|---|---|

| | |
|---|---|
| **ആമുഖം** | വിപിൻ എന്ന ബാലസാഹിത്യകാരൻ രചിച്ച "അണ്ണാൻകുഞ്ഞും ആനമൂപ്പനും" എന്ന കഥയുടെ സംഗ്രഹിത പുനരാഖ്യാനമാണ് പാഠഭാഗം. ജീവികളുടെ ശാരീരിക പ്രത്യേകതകളെക്കുറിച്ചും സ്വാഭാവസവിശേഷതകളെക്കുറിച്ചും സാമാന്യ ധാരണ കുട്ടികളിലുണ്ടാക്കാൻ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നു.<br>കഥ, ചിത്രകഥ, സംഭാഷണം, അറിയിപ്പ്, ലഘുആത്മകഥ, കടങ്കഥ, കവിത. തുടങ്ങിയ വ്യവഹാര രൂപങ്ങൾ പരിചയപ്പെടാനും ഈ പാഠഭാഗാവതരണം കൊണ്ട് ലക്ഷ്യമിടുന്നു. |
| **പഠനനേട്ടം :** | ചിത്രം അടിസ്ഥാനമാക്കി സംഭാഷണം/ കഥ തന്റേതായ രീതിയിൽ ഭാവനയോടെ എഴുതുന്നു. ഈണം ഭാവം താളം എന്നിവയോടെ കവിതകൾ അവതരിപ്പിക്കുന്നു. ലഘുകടങ്കഥകൾക്കുത്തരം നൽകുകയും ലളിതമായ കടങ്കഥകൾ രൂപീകരിക്കുകയും ചെയ്യുന്നു. വായിച്ചും കേട്ടും അറിഞ്ഞ ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതുന്നു. ജീവികളുടെ പ്രജനനരീതിയിലെ സാമ്യവ്യത്യാസങ്ങൾ തിരിച്ചറിയുന്നു. |
| **വ്യവഹാരം** | കഥ/കവിത/സംഭാഷണം/ ജീവികളുടെ ആഹാരം, അവയുടെ ആഹാര രീതി എന്നിവ തിരിച്ചറിയുന്നു |
| **ആശയം** | ചിത്രങ്ങൾ നിരീക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന ആശയം തന്റെ ഭാവനയ്ക്ക് അനുസരിച്ച് ഭംഗിയായി അവതരിപ്പിക്കാനുള്ള കഴിവ് മികച്ച ഭാഷാ ശേഷിയാണ്. കഥ, കവിത എന്നിവയെ വ്യത്യസ്ത രീതിയിൽ ആവിഷ്ക്കരിക്കുന്നത് ഭാഷയിലുള്ള സർഗ്ഗാത്മക പ്രവർത്തനമാണ്. സംക്ഷിപ്തവും കാവ്യാത്മകവുമായി ആശയം പ്രകാശിപ്പിക്കാനുള്ള ഭാഷാ രൂപമാണ് കടങ്കഥ ജീവികൾ ആഹാര രീതികയിൽ വ്യത്യസ്തരാണ്. ജീവികളിൽ മുട്ടയിടുന്നവയും പ്രസവിക്കുന്നവയുമുണ്ട്. |
| **സമയം** | **4 മണിക്കൂർ** |
| **പ്രവർത്തനങ്ങൾ** | 1 പദപ്രശ്നം, 2 ആമ പറഞ്ഞു 3 സംഭാഷണം എഴുതാം 4 കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തി എഴുതൂ 5. ഞാൻ എന്നെപ്പറ്റി കണ്ടെത്താം എഴുതാം 6. കണ്ണാടി. 7. വായനച്ചെപ്പ് |
| **സർഗവേള** | |
| **ചുമർപത്രം** | കഥ |
| **ദിനാചരണം** | |
| **സി.പി.ടി.എ :** | |

**1. പദപ്രശ്നം (88)**

കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. പദപ്രശ്നത്തിന് ഉത്തരങ്ങൾ നോട്ട് ബുക്കിൽ എഴുതുന്നു. ചോദ്യങ്ങൾ വായിപ്പിക്കുന്നു (റാൻഡം). ഉത്തരങ്ങൾ ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു. പാ.പു പൂരിപ്പിക്കൽ. ഓരോ ചോദ്യവും ഉത്തരവും ചർച്ചചെയ്യൽ ജീവികളുടെ പ്രത്യേകതകൾ പറയൽ. ടീച്ചർവേർഷൻ അവതരണം

**പ്രതികരണപേജിലേക്ക്**

വ്യക്തിഗതമായി വായിച്ച് ഉത്തരം കണ്ടെത്തിയവർ. ടീച്ചറുടെ സഹായത്താൽ കണ്ടെത്തിയവർ കണ്ടെത്താത്തവർ

**2. ആമ പറന്നു**

• ചിത്രകഥ വായിക്കൽ (വ്യക്തിഗതം) • തുടർന്ന് എന്ത് സംഭവിച്ചിരിക്കും • വ്യക്തിഗത രചന (നോട്ടു ബുക്കിൽ) അവതരണം • ചർച്ച ചർച്ചക്ക് ശേഷം മെച്ചപ്പെടുത്തി എഴുതൽ • കഥ യുടെ അവസാനഭാഗം വരച്ചു ചേർക്കൽ വാക്യം എഴുതിച്ചേർക്കുന്നു.

**3. സംഭാഷണം എഴുതാം** TB (90)

• അരയന്നങ്ങളും അമ്മയും തമ്മിലുള്ള സംഭാഷണം എഴുതൽ രണ്ട് പേരുള്ള ഗ്രൂപ്പുകളാക്കൽ ഗ്രൂപ്പിൽ സംഭാഷണം പറയൽ വിരൽപ്പാവ ഉപയോഗിച്ച് അവതരണം ഫീഡ് ബാക്ക് നൽകൽ വ്യക്തി ഗതമായി സംഭാഷണം എഴുതൽ, അവതരണം എഡിറ്റിംഗ് മെച്ചപ്പെടുത്തി ടി.ബിയിൽ എഴുതൽ

**വിലയിരുത്തൽ**


സംഭാഷണത്തിന്റെ തുടർച്ച, ആശയ പൂർണ്ണത, ഘടന പാലിച്ചിട്ടുണ്ട്, വാക്യഘടന, തെറ്റില്ലാത്ത ഭാഷ

**പ്രതികരണ പേജിലേക്ക്**

സംഭാഷണം അവതരണത്തിൽ മികവ് പുലർത്തിയവർ, സംഭാഷണത്തിലെ പോരായ്മകൾ, കൊടുത്ത ഫീഡ്ബാക്ക് രചന നടത്തിയപ്പോഴുണ്ടായ അനുഭവം (മികവുകൾ ഉണ്ടായോ)

**4. കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തി എഴുതൂ**

• കടങ്കഥകൾ വായിക്കൽ വ്യക്തിഗതമായി ഉത്തരം എഴുതൽ. അവതരണം ക്ലാസ് ചർച്ച ഒറ്റക്കാ ലിൽ തപസ്സ് ചെയ്യും വെള്ള കുപ്പായക്കാരൻ എന്ന് പറഞ്ഞതെന്ത്കൊണ്ട്? തപസ്സ് ചെയ്യും എന്ന് പറഞ്ഞത് എങ്ങനെയാണ് കൊക്കിന് യോജിക്കുക ക്രോഡീകരണം ജീവി കളെക്കുറിച്ചുള്ള കടങ്കഥാ പതിപ്പ് നിർമ്മാണം (ടി.ടി യിൽ 276 പറഞ്ഞ പ്രകാ രം)



**5. ഞാൻ എന്നെപ്പറ്റി**

കോഴിയെക്കുറിച്ചെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. വ്യക്തിഗത വായന. കോഴിയെക്കുറിച്ച് നമുക്കെന്തെല്ലാം പറയാം. കോഴിയുടെ വടിപ്പാവ നൽകൽ. (മേനി പറയൽ ആത്മകഥാ രൂപത്തിൽ)


മറ്റു ജീവികളുടെ (അണ്ണാൻ) വടിപ്പാവ വെച്ചും പറയുന്നു. പൂമ്പാറ്റ, മാൻ, പശു തുടങ്ങിയവയുടെ വടിപ്പാവ ഉപയോഗിച്ച് അവതരണം (ഞാൻ , എനിക്ക്, എന്റെ രീതിയിൽ പറയൽ) നോട്ട് ബുക്കിൽ വ്യക്തിഗത രചന

• ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ അവതരണം എഡിറ്റിംഗ് വർക്ക് ഷീറ്റ് പൂരി പ്പിക്കൽ 2119, 2120

വിലയിരുത്തൽ ഫീഡ്ബാക്ക് നൽകുന്നു

വിലയിരുത്തൽ സൂചകങ്ങൾ

• ആത്മാംശമുള്ള ഭാഷ, ആശയപൂർണ്ണത




**6. കണ്ടെത്താം എഴുതാം**

ചിത്രത്തിലുള്ളവയുടെ പേര് എഴുതൽ നോട്ട് ബുക്കിൽ അവതരണം ഇവ യെല്ലാം സഞ്ചരിക്കുന്നത് ഒരുപോലെയാണ് ഓരോ ജീവിയുടേയും സഞ്ചാരം അഭിനയിച്ച് കാണിക്കുക. പാ.പു പൂരിപ്പിക്കൽ

• വർക്ക്ഷീറ്റ് 2121 - നൽകൽ കൂടുതൽ ജീവികളെ ചേർത്ത് പട്ടിക വിപു

ലീകരിക്കൽ

**7 കണ്ണാടി**



കണ്ണാടിയിലെ പ്രവർത്തനങ്ങൾ സ്വതന്ത്രമായി ചെയ്യൽ കഥ നോട്ടുബുക്കിൽ എഴുതുന്നു. കൂട്ടത്തിൽ പെടാത്തത് ആര്  മുട്ടയിടുന്നവരും പ്രസവിക്കുന്നവരും ഒരു ജീവി മുട്ടയിടാത്തതാണെന്നും അത് വട്ടം വരയ്ക്കാനാവശ്യപ്പെടൽ ജീവികൾ മുട്ടയിടുന്നവയും പ്രസവിക്കുന്നവയുമുണ്ട്

**കൂട്ടത്തിൽ പെടാത്തത് ആര്**

വട്ടം വരയ്ക്കൽ യുക്തി പറയിക്കൽ വരച്ചു യോജിപ്പിക്കൽ

കടങ്കഥകൾക്ക് ഉത്തരം വ്യക്തിഗതമായി വരച്ച് യോജിപ്പിക്കുക ജീവികളുടെ ഈ പ്രത്യേകതകൾ എന്തിനാണെന്ന് ചർച്ചചെയ്യുന്നു. (ആഹാര സമ്പാദനത്തിനാണെന്ന്  ചർച്ച)

കണ്ണാടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു

**പ്രതികരണപേജിലേക്ക്**

ഭാഷാ പ്രവർത്തനങ്ങളിലെ പഠനനേട്ടങ്ങൾ  പൂർണ്ണമായും കൈവരിച്ചവർ പരിസര പഠനം പഠനനേട്ടം കൈവരിച്ചവർ ഇനിയും മെച്ചപ്പെടേണ്ടവർ

**വായനച്ചെപ്പ്**


കവിത സ്വന്തമായും സംഘമായും അവതരിപ്പിക്കുന്നു


സി. പി. ടി. എ സർഗ്ഗവേളയിലേക്ക് മികച്ച ഗ്രൂപ്പിനെ കണ്ടെത്തി അവതരണം

(ടി.ടി യിലെ കവിത)

# ഞാൻ എന്നെപ്പറ്റി

**ഓരോ ജീവിയും അവരെക്കുറിച്ച് പറയുന്നത് എഴുതൂ**







## ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2
### മലയാളം, ഇവിഎസ് - വർക്ക്ഷീറ്റ്-2120

| ക്ലാസ് : 2 | യൂണിറ്റ് : 5 | അണ്ണാൻകുഞ്ഞും ആനമൂപ്പനും | മൊഡ്യൂൾ 13 | ആഹാരരീതി |
|---|---|---|---|---|

# ഞാൻ എന്നെപ്പറ്റി

**ഓരോ ജീവിയും അവരെക്കുറിച്ച് പറയുന്നത് എഴുതൂ**






## ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2


### മലയാളം, ഇവിഎസ് - വർക്ക്ഷീറ്റ്-2121


| ക്ലാസ് : 2 | യൂണിറ്റ് : 5 | അണ്ണാൻകുഞ്ഞും ആനമൂപ്പനും | മൊഡ്യൂൾ 13 | ആഹാരരീതി |
|---|---|---|---|---|


**ജീവികളെ സഞ്ചാരരീതിയനുസരിച്ച് തരംതിരിച്ച് പട്ടികപ്പെടുത്തുന്നു. ഓരോ ജീവിയും സഞ്ചരിക്കുന്ന രീതിയനുസരിച്ച് തരംതിരിക്കട്ടെ.**

| നടക്കുന്നവ | | | |
|---|---|---|---|
| | | | |














**ഞാൻ മനസ്സിലാക്കിയത്**